പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2193 05.05.2017 -ൽ മറുപടിക്ക്

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ടി. പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനുകൾ പുതുക്കാനാവാതെ വന്നവർക്ക് അതിനുള്ള അവസരം നൽകുവാൻ നടപടി സ്വീകരിക്കുമോ; | എ) 24/09/2016 ലെ സ.ഉ.(സാധാ) നം. 1196/16/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 01/01/1995 മുതൽ 30/09/2016 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2016 ഒക്ടോബർ 1 മുതൽ 31 വരെ സമയം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്ന പ്രദേശത്തോ പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടുത്തം നിശാനിയമ പ്രഖ്യാപനം അല്ലെങ്കിൽ അതുപോലുള്ള നിയന്ത്രണം നടപ്പാക്കൽ എന്നീ കാരണങ്ങളാൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ സീനിയോറിറ്റി പുന:സ്ഥാപിച്ച് രജിസ്ട്രേഷൻ പുതുക്കി നൽകാൻ വ്യവസ്ഥ നിലവിലുണ്ട്. |

| | |
|---|---|
| **ബി)** എംപ്ലോയ്മെന്റ് നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;<br><br>**സി)** ഇതിൽ എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br><br>**ഡി)** 2016 ജനുവരി മുതൽ ഇത്തരത്തിൽ ലഭിച്ച പരാതികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | **ബി), സി) & ഡി)** എംപ്ലോയ് മെന്റ് മുഖേനയുള്ള നിയമനങ്ങളിൽ സംവരണതത്വങ്ങൾ കൃത്യമായി പാലിച്ചുവരുന്നു. സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സാമുദായിക സംവരണതത്വങ്ങൾ കർശനമായി പാലിച്ചാണ് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്ക പ്പെടുന്ന ഒഴിവുകളിൽ തുടർ നടപടി സ്വീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക നൽകുന്നത്. 21/12/1970 ലെ സ.ഉ.(പി) നം.413/70/പിഡി ഉത്തരവിലും കെ.എസ്. & എസ്.എസ്.ആർ. റൂൾ 14 മുതൽ 17 വരെയും പരാമർശിച്ചിട്ടുള്ള സംവരണ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. ഇപ്രകാരം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് വസ്തു നിഷ്ഠമായ പരാതികൾ ലഭിച്ചതായി കാണുന്നില്ല. |
| **ഇ)** ദിവസ വേതനാടിസ്ഥാനത്തിൽ ക്ഷേമനിധികളിൽ നിയമിതരായവരുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; ഇവിടങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന പരാതി നിലവിലുണ്ടോ;വ്യക്തമാക്കുമോ? | (ഇ) **05.05.2017-ൽ നൽകിയ മറുപടി**<br>വിവരം ശേഖരിച്ചു വരുന്നു.<br>**അന്തിമ മറുപടി**<br>തൊഴിൽ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷേമനിധി ബോർഡുകളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ .**

## അനുബന്ധം

## 1. **കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.എസ്.സി. മുഖാന്തിരം എൽ.ഡി.സി. നിയമനം നടന്നു വരുന്നതും, എൻ.ജെ.ഡി./ഫ്രഷ് വേക്കൻസികൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതും തുടർനടപടികൾ സ്വീകരിച്ച് നിയമനം നടത്തി വരുന്നതുമാണ്. എന്നാൽ ടി ജീവനക്കാർ മറ്റ് വകുപ്പുകളിലേയ്ക്ക് നിയമനം ലഭിച്ച് വിടുതൽ ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ പുന:ക്രമീകരണവും, ക്ഷേമപ്രവർത്തനങ്ങളും മറ്റുമുള്ള കാര്യങ്ങൾക്ക് തടസ്സം നേരിടാതിരിക്കാൻ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ച് വരുന്നതുമാണ്. നിലവിൽ 120 ഓഫീസുകളിലായി 93 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.

## 2. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ 7 എൽ.ഡി.ക്ലാർക്കുമാരും 2 ഓഫീസ് അറ്റൻഡന്റുമാരുമാണ് ഉള്ളത്.

## 3. **കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.സി.പി.എസ്. തസ്തികയിൽ 9 ജീവനക്കാരും, എൽ.ഡി.റ്റി. തസ്തികയിൽ 5 ജീവനക്കാരും എൽ.ഡി.സി. തസ്തികയിൽ 19 ജീവനക്കാരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

## 4. **കേരള അബ്കാരി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി ക്ഷേമനിധി ബോർഡിൽ 2 ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ് ഒരു ഡ്രൈവർ എന്നിങ്ങനെ 5 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## 5. **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലും 14 ജില്ലാ ഓഫീസുകളിലുമായി 178 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.

6. **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 പേർ ക്ലാർക്ക് തസ്തികയിലും, 3 പേർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

7. **കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ലാർക്ക് തസ്തികയിൽ 3 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരാളും ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളും ഡ്രൈവർ, കാഷ്വൽ സ്വീപ്പർ തസ്തികകളിൽ ഓരോ ദിവസവേതനക്കാരും നിലവിൽ ജോലി ചെയ്യുന്നു.

8. **കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡിന്റെ വിവിധ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ 5 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 11 പേരും ടൈപ്പിസ്റ്റ് തസ്തികയിൽ 2 പേരും ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു.

9. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

10. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 11 പേരും (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 പേരും അല്ലാതെ 9 പേരും) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 7 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

11. **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡ്രൈവർ തസ്തികയിൽ ഒരാൾ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു.

12. **കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ടൈപ്പിസ്റ്റ് തസ്തികയിൽ രണ്ടു പേരും, ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളും, ക്ലാർക്ക് തസ്തികയിൽ 27 പേരും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 5 പേരും, കാഷ്വൽ സ്വീപ്പർ തസ്തികയിൽ 3 പേരും ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ഒരാളും നൈറ്റ് വാച്ച്മാൻ തസ്തികയിൽ ഒരാളും, ഡ്രൈവർ തസ്തികയിൽ ഒരാളും പി.റ്റി.എസ്.

തസ്തികയിൽ 2 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു.

13. **കേരള ഷോപ്പ് & കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ് & കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്യൂൺ തസ്തികയിൽ 5 പേരും, ക്ലാർക്ക് തസ്തികയിൽ 6 പേരും ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളും ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു.

14. **കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമ നിധി ബോർഡിൽ ക്ലാർക്ക് തസ്തികയിൽ 4 പേരും, ഡ്രൈവർ തസ്തികയിൽ ഒരാളും, പ്യൂൺ തസ്തികയിൽ 2 പേരും സ്വീപ്പർ തസ്തികയിൽ ഒരാളും ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു.

15. **കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്**

കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 39 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 29 പേരും, ക്ലാർക്ക് തസ്തികയിൽ 186 പേരും, ഡ്രൈവർ തസ്തികയിൽ രണ്ടു പേരും, പ്യൂൺ തസ്തികയിൽ ഒരാളും, വാച്ചർ/പ്യൂൺ തസ്തികയിൽ ഒരാളും, വാച്ചർ തസ്തികയിൽ ഒരാളും, കുക്ക് തസ്തികയിൽ 2 പേരും, സ്വീപ്പർ തസ്തികയിൽ 2 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

16. **കേരള സംസ്ഥാന അസംഘടിതതൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്**

കേരള സംസ്ഥാന അസംഘടിതതൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ക്ലാർക്ക് തസ്തികയിൽ 9 പേരും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 10 പേരും, ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

സെക്ഷൻ ഓഫീസർ